# SVPLPS
# ERIYAD

# മാസ്റ്റർ പ്ലാൻ
# 2025-2026

# ആമുഖം

തൃശ്ശൂർ ജില്ലയിലെ മുസരീസ് നഗരമെന്നറിയപ്പെടുന്ന കൊടുങ്ങല്ലൂർ താലൂക്കിൽ അറബിക്കടലിന്റെ തീരത്തു നിന്നും ഏകദേശം രണ്ട് കിലോമീറ്റർ കിഴക്കുമാറി എറിയാട് എന്ന നാടൻ പഞ്ചായത്തിലെ പത്താം വാർഡിലാണ് **ശിശുവിദ്യാപോഷിണി** എന്ന ലോവർ പ്രൈമറി സ്കൂൾ സ്ഥിതി ചെയ്യുന്നത്. സ്വാതന്ത്ര്യസമരസേനാനിയായ മുഹമ്മദ് അബ്ദുൾ റഹിമാൻ സാഹിബിന്റെയും ജന്മം കൊണ്ട് പവിത്രമായ ഈ ഗ്രാമത്തിൽ 1924 ലാണ് ഈ വിദ്യാലയത്തിന്റെ ജനനം. അഴീക്കോട് പൗരപ്രമുഖനായിരുന്ന പനപ്പറമ്പിൽ കുഞ്ഞിപോക്കർ കുട്ടി സാഹിബ് (1880-1965) അറിവുകൾ തേടിയുള്ള യാത്രയ്ക്ക് തുടക്കം കുറിക്കാൻ ഒരു വഞ്ചിപ്പുരയിൽ തന്നെ ഈ വിദ്യാലയത്തിന് രൂപം നൽകി. സ്ഥാപനത്തിൽ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമായി പ്രതിഫലിപ്പിക്കുന്ന വിധത്തിലായിരുന്നു വിദ്യാലയത്തിനു പേരു നൽകിയത്. 1944നു ശേഷം അന്നത്തെ അധ്യാപകർക്ക് ഭരണസാരഥ്യവും ഉടമസ്ഥാവകാശവും ഏൽപ്പിക്കുന്നതോടെ കേട്ടറിവുകൾക്ക് വിരാമമിട്ടുകൊണ്ട് ഈ സ്കൂളിന്റെ ലിഖിത ചരിത്രം തുടങ്ങുകയായി.

നമ്മുടെ വിദ്യാലയത്തിലെ കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ അധ്യാപകനും രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള കഴിവ്, ഗണിതം, ചുറ്റുപാടും നിരീക്ഷിച്ച് നിഗമനത്തിലെത്തുക തുടങ്ങിയ അക്കാദമികമായ നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ മാനസികവും ശാരീരികവും വൈകാരികവുമായ നേട്ടങ്ങൾ കൈവരിക്കാനാവശ്യമായ ഇടപെടലുകളുമാണ് ലക്ഷ്യമിടുന്നത്. ഈ വർഷം മെയ്മാസം മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവധ പദ്ധതികളാണ് മാസ്റ്റർ പ്ലാനിൽ അവതരിപ്പിക്കുന്നത്.

# ലക്ഷ്യം

- കുട്ടികളുടെ മികച്ച പഠനാനുഭവം ഒരുക്കുന്നതിനായി വിദ്യാലയാന്തരീക്ഷം മെച്ചപ്പെടുത്തുക.
- സമ്പൂർണ്ണ സ്കൗട്ട്- ഗൈഡ് വിദ്യാലയം
- വിദ്യലയത്തെ അക്കാദമികവും, സാമൂഹികവും, ഭൗതികവുമായി മെച്ചപ്പെടുത്തുക.
- ഓരോ ക്ലാസ്സിലും കുട്ടികൾ നേടേണ്ട ശേഷികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തൽ
- പരിസ്ഥിതി സൗഹാർദ്ദവിദ്യാലയം സാക്ഷാത്ക്കരിക്കൽ
- ഇംഗ്ലീഷ് കമ്പ്യൂട്ടർ വിദ്യാഭ്യാസം വിപുലീകരിക്കൽ
- ആധുനിക സാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും ക്ലാസ് റൂമിൽ ലഭ്യമാക്കി ക്ലാസ്സുകൾ ഹൈടെക് ആക്കൽ.

# ചരിത്രം

മുസരീസ് എന്നറിയപ്പെടുന്ന കൊടുങ്ങല്ലൂർ താലൂക്കിൽ അറബിക്കടലിന്റെ തീരത്തു നിന്നും ഏകദേശം ഒരു കിലോമീറ്റർ കിഴക്കുമാറി എറിയാട് എന്ന നാടൻ പഞ്ചായത്തിലാണ് **ശിശുവിദ്യാപോഷിണി** എന്ന ഞങ്ങളുടെ ലോവർ പ്രൈമറി സ്കൂൾ

സ്വാതന്ത്ര്യസമരമുഖങ്ങളിൽ നേരും നെറിവുമായിരുന്ന മുഹമ്മദ് അബ്ദുൾ റഹിമാൻ സാഹിബിന്റെയും സീതിസാഹിബിന്റെയും പിറവികൊണ്ട് പവിത്രമായ മണ്ണിലാണ് 1921കൾക്കു ശേഷം ഈ ഗുരുകുലത്തിന്റെ ജനനം. മുഹമ്മദ് അബ്ദുൾ റഹ്മാൻ സാഹിബിന്റെ സ്യാലനായ പനപ്പറമ്പിൽ കുഞ്ഞുപോക്കർ കുട്ടി എന്ന മുസ്ലിം പ്രമാണി തന്റെ തറവാടിനു സമീപമുള്ള വഞ്ചിപ്പുരയിലാണ് ഈ വിദ്യാലയത്തിന് തുടക്കം കുറിച്ചത്. സാംസ്കാരിക രംഗത്ത് ഈ പ്രദേശം തീരെ പിന്നിലല്ലാത്തതുകൊണ്ടാവാം അന്നത്തെ നാട്ടുപ്രമാണികൾ അറിവുതേടിയുള്ള യാത്രയ്ക്ക് തുടക്കം കുറിക്കാൻ ഒരു വഞ്ചിപ്പുരയിൽ തന്നെ ഈ വിദ്യാലയത്തിന് രൂപം നൽകിയത്. മാടത്തിങ്കൽ ശേഖരൻ തണ്ടാൻ പനപ്പറമ്പിൽ കുഞ്ഞുപോക്കർകുട്ടി തുടങ്ങി അറിയപ്പെടാതെ പോയ പലരുടെയും പ്രവർത്തനങ്ങളുടെ കൂട്ടായ്മയാണ് ഈ വിദ്യാലയം. 1944നുശേഷം അന്നത്തെ ഗുരുജനങ്ങളിൽ പ്രധാനിയായ ശ്രീ. സുബ്രഹ്മണ്യൻ മാസ്റ്റർ, ശ്രീമതി കൊച്ചമ്മു അമ്മ, ശ്രീ. പരമേശ്വരൻമേനോൻ, ശ്രീ. കുഞ്ഞിറ്റാമൻ, ശ്രീ. കെ.ഒ. ജോർജ്ജ്, ശ്രീ. സെയ്ത് മുഹമ്മദ് തങ്ങൾ തുടങ്ങിയ അധ്യാപകർക്ക് ഭരണസാരഥ്യവും ഉടമസ്ഥാവകാശവും ഏൽപ്പിക്കുന്നതോടെ കേട്ടറിവുകൾക്ക് വിരാമിട്ടുകൊണ്ട് ഈ സ്കൂളിന്റെ ലിഖിത ചരിത്രം തുടങ്ങുകയുണ്ടായി.

ശ്രീ. കെ.ഒ. ജോർജ്ജ് മാസ്റ്ററുടെ നേതൃത്വത്തിൽ 800 ഓളം വിദ്യാർത്ഥികളും 25 അധ്യാപകരും ഉണ്ടായിരുന്ന 1969 കാലഘട്ടം ഈ വിദ്യാലയത്തിന്റെ സുവർണ്ണ കാലമായി അറിയപ്പെടുന്നുണ്ട്. നാട്ടിൻപുറത്ത് ദുരിതമനുഭവിക്കുന്ന ചകിരിതൊഴിലാളികളുടെയും മത്സ്യ തൊഴിലാളികളുടെയും മക്കൾക്കും ഈ മേഖലയിലെ എല്ലാ ദരിദ്ര ധനിക കുടുംബങ്ങളിലെ കുട്ടികൾക്കും അറിവിന്റെ ആദ്യാക്ഷരം പകർന്നു നൽകുവാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിരുന്നു വെന്നുള്ളത് അഭിമാനപൂർവ്വം സ്മരിക്കാവുന്നതാണ്.

1944നുശേഷം സ്കൂളിന്റെ ഭരണസാരഥ്യം ഏറ്റെടുത്തതോടെ വിദ്യാലയ നടത്തിപ്പ് പൂർണ്ണമായും അധ്യാപകരിൽ നിക്ഷിപ്തമായി. അതതുകാലത്തെ ഹെഡ്മാസ്റ്റർ മാനേജരായി തുടരുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ജനപ്രതിനിധികളും, പൂർവ്വ അധ്യാപകരും, പൂർവ്വ വിദ്യാർത്ഥികളും, നാട്ടുകാരും എല്ലാം ചേർന്ന് വികസന സമിതി രൂപീകരിച്ച്

വിദ്യാലയത്തെ ഉയർത്തിക്കൊണ്ടുവരാനും, നഷ്ടപ്പെട്ടുപോയ പ്രതാപം വീണ്ടെടുക്കുവാനും കഴിയുമെന്ന ഉറച്ച വിശ്വാസത്തോടെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകുന്നു.

പ്രീപ്രൈമറി വിഭാഗത്തിൽ 44 കുട്ടികളും 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലായി 61 കുട്ടികളുമായി ഉയർത്തിക്കൊണ്ട് കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാക്കികൊണ്ട് വിദ്യാലയത്തിലെ പ്രവർത്തനങ്ങൾ നല്ലരീതിയിൽ മുന്നോട്ട് കൊണ്ട് പോകുന്നു.

# വിദ്യാലയ മികവിന്റെ കേന്ദ്രം

## മാറുന്ന വിദ്യാലയ വികസനത്തിന്റെ കാഴ്ച്ചപ്പാട്

പ്രകൃതി സൗഹൃദവും, പാരിസ്ഥിതിക സംരക്ഷണവും കുട്ടികളുടെ മനസ്സിൽ അങ്കുരിപ്പിക്കുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് സ്കൂൾ വിഭാവനം ചെയ്യുന്നുത് . കാലം ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ പുതുതലമുറയെ പ്രാപ്തരാക്കുന്ന രീതിയിൽ ആധുനിക വിദ്യാഭ്യാസ രീതികൾ ഉൾപ്പെടുത്തി കൊണ്ടുതന്നെ വിദ്യാഭ്യാസത്തെ നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നാം ലക്ഷ്യമിടുന്നത്.

ഓരോ ക്ലാസിലെയും എല്ലാ കുട്ടികൾക്കും ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ടു വരുന്ന ശേഷികൾ ഓരോ ടേമിലും വിലയിരുത്തി പിന്നോക്കാവസ്ഥയിലുള്ള കുട്ടികളുണ്ടെങ്കിൽ അവരെ ഒന്നിച്ചിരുത്തി അവൾക്ക് പ്രത്യേക പരിഗണന കൊടുത്ത് പ്രത്യേക പഠനരീതി നടപ്പിലാക്കും.

കലാകായിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്നതിനായി പ്രാദേശിമായി ലഭിക്കുന്ന വ്യക്തികളെ ഉപയോഗപ്പെടുത്തും.

### പദ്ധതി രൂപീകരണം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 2017 മാർച്ച് മാസത്തിൽ വികസന സമിതി രൂപീകരിക്കുകയും അതിൽ നിന്നും 20 അംഗകമ്മിറ്റി തെരഞ്ഞെടുക്കുകയും ചെയ്തു. നിലവിലുള്ള വിദ്യാലയത്തിന്റെ അവസ്ഥകൾ കമ്മിറ്റിയിൽ ചർച്ച ചെയ്യും. ഇതിൽ നിന്നും മികവിലേക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. അതിന്റെ ഭാഗമായി ക്ലാസ്മുറികളുടെ തറ സിമന്റിട്ട് മിനുസപ്പെടുത്തി. തുടർന്നുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ബഹു. കയ്പമംഗലം എം.എൽ.എ. ശ്രീ. ടൈസൺ മാസ്റ്ററെ പങ്കെടുപ്പിച്ച് കൊണ്ട് കളിമുറ്റം 2017 എന്ന പേരിൽ ഒരു പൂർവ്വ വിദ്യാർത്ഥി സംഗമം നടത്തുകയും അതിൽ നിന്നും 16 പേരടങ്ങുന്ന ഒരു പൂർവ്വ വിദ്യാർത്ഥി സംഘടന രൂപീകരിക്കുകയും ചെയ്തു. വികസന സമിതിയുടെ പൂർവ്വ വിദ്യാർത്ഥി സംഘടനയുടെയും നാട്ടുകാരുടെയും പൂർവ്വ അധ്യാപകരുടെയും മറ്റും സഹായത്തോടെ ക്ലാസ്റൂം വിഭജനം നടത്തുകയും ചുറ്റും നെറ്റ് അടിച്ച് സുരക്ഷിതമാക്കുകയും ചെയ്തു. സുരക്ഷിതമായ വയറിംഗ് നടത്തി, പെയിന്റിംഗ് നടത്തി, സ്കൂളും പരിസരവും വൃത്തിയാക്കി തുടർന്നുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

# അവസ്ഥാവിശകലനം

1924ൽ സ്ഥാപിതമായി എറിയാട് ശിശുവിദ്യാപോഷിണി ലോവർ പ്രൈമറിസ്കൂൾ ഒരു കാലത്ത് എറിയാട് പഞ്ചായത്തിലെ ഏറ്റവും കൂടുതൽ കുട്ടികൾ വിദ്യ അഭ്യസിച്ചിരുന്ന ലോവർ പ്രൈമറി സ്കൂളായിരുന്നു. 22 ഡിവിഷനുകളും 800ഓളം കുട്ടികളും ഉണ്ടായിരുന്ന ഈ വിദ്യാലയം ഇന്ന് 4 ഡിവിഷനുകളിലായി 105 കുട്ടികളോളം പഠിക്കുന്നു.

42 സെന്റ് സ്ഥലത്ത് ചെയ്യുന്ന ഈ വിദ്യാലയത്തിൽ ഒരു സ്മാർട്ട് ക്ലാസ് റൂം അടക്കം 7 ക്ലാസ് മുറികളാണ് ഉള്ളത്. 3 ബ്ലോക്കുകളിലാണ് ഇവ സ്ഥിതി ചെയ്യുന്നത്. താൽക്കാലികമായ പാർട്ടിഷനുകളാണ് ക്ലാസുമുറികൾക്കുള്ളത് എന്നതുപോലെ തന്നെ ഫർണിച്ചറുകളെല്ലാം പഴയ രീതിയിലുള്ളവയാണ്. സുനാമിപുനഃരധിവാസ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച 4 ടോയ്‌ലറ്റുകളടക്കം 6 ടോയ്‌ലറ്റുകളുണ്ട്. ഇത് കൂടാതെ ഓഫീസ് റൂം. സ്റ്റാഫ് റൂം, അടുക്കള എന്നിവയും ഉണ്ട്. എം.എൽ.എ. ഫണ്ടിൽ നിന്നും ലഭിച്ച നവീകരിച്ച അടുക്കളയാണുള്ളത്. ഒരു ഗ്യാസ് സ്റ്റൗവും 2 ഗ്യാസ് സിലിണ്ടറുകളുമുണ്ട്. സ്കൂൾ ആവശ്യത്തിനായി കിണറും കുടിവെള്ളത്തിനായി വാട്ടർ കണക്ഷനും ഉണ്ട് .

പ്രധാന അധ്യാപികയടക്കം 4 അധ്യാപകരാണ് നിലവിൽ ഇവിടെ ജോലി ചെയ്തുവരുന്നത് പ്രീ പ്രൈമറി വിഭാഗത്തിൽ 2 അധ്യാപകരും 1 ഹെൽപ്പറും ജോലിയു ചെയ്തു വരുന്നു. പാർട് ടൈം അറബി അധ്യാപികയും ഉണ്ട്. 800ഓളം പുസ്തകങ്ങൾ അടങ്ങിയ ലൈബ്രറിയുണ്ട്. 2 ലാപ്ടോപ്, 1 പ്രൊജക്റ്റർ 1 കമ്പ്യൂട്ടറുമുണ്ട്. ചുറ്റുമതിൽ ഉണ്ടെങ്കിലും കാലപ്പഴക്കമുള്ളതാണ്.

# വായനാപരിപോഷണവും– ലൈബ്രറി ശാക്തീകരണവും

## ആമുഖം

മാറ്റത്തിന് വിധേയമാകുന്ന സമൂഹത്തിൽ പാഠ്യപദ്ധതികളും മാറ്റി പരീക്ഷിക്കേണ്ടിയിരിക്കുന്നു. മികച്ച ജനതയെ വാർത്തെടുക്കുന്നതിന് അറിവിന്റ നിർമ്മാണം സാധ്യമാക്കണം അതിന് സജീവമായ നിരവധി ഇടപെടലുകൾ നടത്തേണ്ടതുണ്ട്. അതനുസരിച്ച് കുട്ടികളിൽ വായനാശീലം വർധിപ്പിക്കുന്നതിനും അറിവു നിർമ്മാണ പ്രക്രിയയെ പരിപോഷിപ്പിക്കുന്നതിനും ഉതകുന്ന പുസ്തകങ്ങൾ വിദ്യാലയങ്ങളിൽ ഉറപ്പാക്കേണ്ടതുണ്ട്. നിലവിൽ വിദ്യാലയത്തിലെ പുസ്തകങ്ങൾ വ്യത്യസ്ത മേഖലയിലായി ഉണ്ട്.

## വായന

പ്രോത്സാഹനത്തിനായി ക്ലാസ് ലൈബ്രറി, അമ്മ വായന, രക്ഷിതാക്കളുടെ വായന, പ്രാദേശിക ലൈബ്രറി, വായനാമൂല ക്ലാസ് പത്രം, ആനുകാലികങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുപോരുന്നു.

## ലക്ഷ്യങ്ങൾ

1. മുഴുവൻ കുട്ടികളിലും രക്ഷിതാക്കളിലും വായനാശീലം എത്തിക്കൽ
2. വായനയെ അറിവു നിർമ്മാണ പ്രക്രിയക്കു സഹായകമാക്കൽ
3. സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനും പരിഹരിക്കാനും പ്രാപ്തമാക്കൽ
4. സർഗാത്മക വളർത്താൻ കഴിയുന്ന വായനാ സാമഗ്രികൾ ഉറപ്പുവരുത്തൽ

## പ്രവർത്തനപദ്ധതി

1. നിലവിലുള്ള പുസ്തകങ്ങളിൽ നിന്നും പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ടവയും, അല്ലാത്തവയും കണ്ടെത്തൽ
2. എല്ലാ ക്ലാസുകളിലും അവരവരുടെ നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ വായനക്കായി കൊടുക്കൽ
3. അമ്മ വായനക്കായി ലൈബ്രറി പുസ്തകങ്ങൾ ശേഖരിക്കൽ
4. വീടുകളിൽ നിന്നും ലൈബ്രറി പുസ്തകങ്ങൾ ശേഖരിക്കൽ
5. കുട്ടികളുടെ പിറന്നാളിന് മിഠായിക്കു പകരം പുസ്തകം സ്കൂളിനു നൽകൽ.
6. കുട്ടികൾക്കു സമ്മാനമായി പുസ്തകങ്ങൾ നൽകൽ
7. എല്ലാവീടുകളിലും ലൈബ്രറി
8. വായന ക്ലാസ്സുകൾ
9. വായന കാർഡ് തയ്യാറാക്കൽ, ശില്പശാല

**പ്രീപ്രൈമറി ക്ലാസ്സുകളുടെ ഇപ്പോഴത്തെ അവസ്ഥ**

എൽ.കെ.ജി , യു.കെ.ജി എന്നീ ക്ലാസുകളിലായി 44 കുട്ടികളുണ്ട്.

വിദ്യാലയപ്രവർത്തനങ്ങളിൽ സമൂഹത്തിന്റെ പങ്കാളിത്തം കുറഞ്ഞുപോയതിനാൽ കുട്ടികളുടെ എണ്ണം വളരെയധികം കുറഞ്ഞു.

മേഖല: ഭൗതികം

ഉപമേഖല : പ്രീപ്രൈമറി

## ജൂൺ

| ക്രമ നമ്പർ | പ്രവർത്തനം | പ്രക്രിയ | റിമാർക്സ് |
|---|---|---|---|
| 1 | ജൂൺ 1<br>പ്രവേശനോത്സവം | കുരുത്തോല ഉപയോഗിച്ച് അലങ്കരിക്കും സമ്മാനപൊതികൾ, തൊപ്പികൾ, ചെണ്ടമേളം, നാടൻ പാട്ട് | |
| 2 | ജൂൺ 5<br>പരിസ്ഥിതി ദിനം | പരിസ്ഥിതിദിനം പോസ്റ്റർ തയ്യാറാക്കൽ, മരം നടൽ, പരിസ്ഥിതി ദിന ഗാനാലാപനം, വീഡിയോ പ്രദർശനം () പൂന്തോട്ടം നിർമ്മിക്കുക, പരിസ്ഥിതി ക്ലാസ്, മുറ്റത്തൊരു വേപ്പ് | |
| 3 | ജൂൺ 19<br>വായനാദിനം | പുസ്തകത്തൊട്ടിൽ, വായനമരം, ക്ലാസ് ലൈബ്രറി വിപുലീകരണം, വായനക്കുറിപ്പ് തയ്യാറാക്കൽ, പദപയറ്റ്, പത്രവായന, അമ്മവായന, ക്വിസ് മത്സരം, കൈയക്ഷര മത്സരം, വായനകാർഡ് നിർമ്മാണം, പുസ്തകറാലി, കഥപറയൽ, വായന മത്സരം | |
| 4 | ജൂൺ 26<br>ലോകമയക്കുമരുന്നു വിരുദ്ധദിനം | പോസ്റ്റർ തയ്യാറാക്കൽ, ബോധവത്കരണക്ലാസ്, നാടകം | |
| 5 | വായന | അക്ഷരകാർഡുകൾ തയ്യാറാക്കൽ ചിത്രകഥ അവതരിപ്പിക്കുന്നു. കവിത എഴുതുന്നു പാടുന്നു. സാധ്യത പ്രയോജനപ്പെടുത്തുന്നു, പദകാർഡുകൾ തയ്യാറാക്കുന്നു | |
| 6 | Hello English | English Word Card, Hello English Activities, Skit, My English World | |
| 7 | Colours Day | പ്രീ-പ്രൈമിറ ക്ലാസുകളിൽ ബുധനാഴ്ചകളിൽ Colours Day ആചരിക്കുന്നു | |
| 8 | Fruits Day | പ്രീ-പ്രൈമറി ക്ലാസുകളിൽ മാസത്തിൽ ഒരു വെള്ളിയാഴ്ച Fruits Day നടത്തുന്നു | |

| | | | |
|---|---|---|---|
| 9 | ജൂൺ1<br>പ്രവേശനോത്സവം | സ്കൂൾതലം, സ്കൂൾ അലങ്കരിക്കൽ സമ്മാനപൊ<br>തികൾ, തൊപ്പി, മിഠായി | |
| 10 | ജൂൺ 5 പരിസ്ഥിതിദിനം | കൃഷി ആരംഭിക്കും | |
| 11 | ജൂൺ 19 വായദിനം | സർഗാത്മക വായന, പുസ്തകത്തൊട്ടിൽ | |
| 12 | ജൂൺ 26 ലോകമയക്കു മരുന്നു വിരുദ്ധദിനം | ബോധവത്ക്കരണക്ലാസ് | |
| 13 | വായന | കഥപറയൽ, ഭാവാത്മക വായന<br>കവിതകൾ താളത്തിൽ ചൊല്ലൽ,<br>രചന പരിചയക്കുറിപ്പ് | |
| 14 | ജൂൺ 27 | ഇംഗ്ലീഷ് ഫെസ്റ്റ് | |
| 15 | ഗണിതം | ഗണിത കേളികൾ, ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | |
| 16 | പരിസരപഠനം | ഹരിതകാർഡ് | |
| 17 | ജ്യമിതീയ രൂപങ്ങൾ | രൂപങ്ങൾ തയ്യാറാക്കുക | |
| 18 | ജൂൺ 3 | ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസ് | |

# ജൂലൈ

| ക്രമ നമ്പർ | പ്രവർത്തനം | പ്രക്രിയ | റിമാർക്സ് |
|---|---|---|---|
| 1 | ദേശീയ ഡോക്ടേഴ്സ് ദിനം | ആരോഗ്യ ബോധവത്ക്കരണ ക്ലാസ് തയ്യാറാക്കൽ | |
| 2 | പൊതുയോഗം | പുതിയ ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുക്കൽ<br>സമ്മാനവിതരണം | |
| 3 | വൈക്കം മുഹമ്മദ് ബഷീർ ഓർമ്മ ദിനം | കഥാപാത്രങ്ങളുടെ അവതരണം, ക്വിസ് മത്സരം, വീഡിയോ പ്രദർശനം | |
| 4 | ചാന്ദ്രദിനം | ചാന്ദ്രയാത്രികരുടെ അനുഭവങ്ങൾ പങ്കുവെയ്ക്കൽ അഭിമുഖ സംഭാഷണം.<br>റോക്കറ്റ് നിർമ്മാണം, ചന്ദ്രനെക്കുറിച്ചുള്ള പാട്ടുകൾ, നൃത്തം എന്നിവയുടെ അവതരണം.<br>സർഗ്ഗവേള ചന്ദ്രദിന ക്വിസ് | |
| 5 | ലോകജനസംഖ്യാദിനം | 3,4 ക്ലാസിലെ കുട്ടികളുടെ നേതൃത്വത്തിൽ സർവ്വെ | |
| 6 | സർഗ്ഗവേള | വിഷയാടിസ്ഥാനത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും ക്ലാസ്തലവും അവസാനത്തെ വെള്ളിയാഴ്ച സ്കൂൾ തലവും നടത്തുന്നു | |
| 7 | പിറന്നാൾ സമ്മാനം | കുട്ടുകളും പിറന്നാൾ ദിവസത്തിൽ കൂട്ടുകാർക്കുള്ള ഉച്ചഭക്ഷണത്തിലേക്കുള്ള വിഭവങ്ങൾ നൽകുന്നു. | |
| 8 | ക്ലാസ്സ് പി.ടി.എ | എല്ലാരക്ഷിതാക്കളും പങ്കെടുക്കണം. കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങളുടെ കുട്ടികളുടെ നിലവാരം, ആസൂത്രണം എന്നിവ ചർച്ച ചെയ്യുന്നു. | |
| 9 | ശാരീരിക ചാലക വികാസ പ്രവർത്തനങ്ങൾ | നൃത്തം, പാട്ട്, കളികൾ, ചിത്രരചന, യോഗ, കായികം, പ്രവൃത്തി പരിചയം എന്നിവ എല്ലാ മാസവും ഓരോന്നായി നൽകുന്നു. | |
| 10 | ഭാഷ | ഭാഷാഗെയിമുകൾ, കാവ്യകേളി ആക്ഷൻ സോംഗ്സ് | |

| | | | |
|---|---|---|---|
| 11 | വായന | ചിത്രവായന രചന പരിചയകുറിപ്പ് തയ്യാറാക്കൽ | |
| 12 | സർഗ്ഗവേള | ഭാവാത്മക വായന, കവിതാലാപനം അനുഭവ വിവരണം | |
| 13 | ഇംഗ്ലീഷ് | Growing Sentences<br>Picture reading, Self introductions | |
| 14 | ഗണിതം | ഗണിതപാട്ടുകൾ, TLM നിർമ്മിക്കൽ | |
| 15 | പരിസരപഠനം | ഉദ്യാന നിർമ്മാണം, സ്കൂൾ ഹെൽത്ത് ക്ലബ്ബ് | |
| 16 | ബോധവത്കരണ ക്ലാസ് | ആരോഗ്യം പേവിഷബാധ പരിചരണം | |

# ആഗസ്റ്റ്

| ക്രമ നമ്പർ | പ്രവർത്തനം | പ്രക്രിയ | റിമാർക്സ് |
|---|---|---|---|
| 1 | ആഗസ്റ്റ് 6<br>ഹിരോഷിമ ദിനം | സഡാക്കോ കൊക്ക് നിർമ്മാണം, യുദ്ധവിരുദ്ധ പോസ്റ്റർ തയ്യാറാക്കൽ, കൊളാഷ് നിർമ്മാണം | |
| 2 | ആഗസ്റ്റ് 9<br>നാഗസാക്കി ദിനം | യുദ്ധവിരുദ്ധ ഗാനാലാപനം | |
| 3 | ആഗസ്റ്റ് 10 | സ്വാതന്ത്ര്യദിനത്തിന്റെ കൈയ്യൊപ്പ്, വിശിഷ്ട വ്യക്തികൾ, അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ എന്നിവർ തുണിയിൽ കൈയ്യൊപ്പ് ചാർത്തുന്നു. | |
| 4 | ആഗസ്റ്റ് 11 | ഗാന്ധിമരം നടൽ, വ്യത്തിയാക്കൽ, അരങ്ങ് തയ്യാറാക്കൽ കൊളാഷ് നിർമ്മാണം, നൃത്താവിഷ്ക്കാരം | |
| 5 | ആഗസ്റ്റ് 15<br>സ്വാതന്ത്ര്യദിനം | കബ് ബുൾ ബുൾ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് ആരംഭിക്കും. എല്ലാ അധ്യാപകരും ഭാരത് സ്കൗട്ട് ആന്റ് ഗൈഡിൽ അംഗങ്ങളാകും | |
| 6 | പാദവാർഷിക പരീക്ഷ | യൂണിറ്റ് ടെസ്റ്റ്, മോഡൽ ചോദ്യപേപ്പർ, വർക്ക്ഷീറ്റ് | |
| 7 | ഉല്ലാസഗണിതം,<br>ഗണിതവിജയം | ശില്പശാല (രക്ഷിതാക്കൾക്ക്) | |
| 8 | കാർണിവൽ (Maths) | ഗണിത ആശയങ്ങൾ മുഴുവൻ സഹായിക്കുന്ന ഗണിത ചന്ത | |
| 9 | ഗണിത മൂല | ആദ്യ 3 യൂണിറ്റുകൾക്ക് വേണ്ട ഗണിത ലാബ് സജ്ജീകരിക്കുന്നു | |
| 10 | ശാസ്ത്ര പരീക്ഷണങ്ങൾ | പരീക്ഷണം വീട്ടിനകത്തും | |
| 11 | ശാസ്ത്ര മൂല | ക്ലാസ് മുറിയിൽ കൂടുതൽ പരീക്ഷണങ്ങൾക്ക് അവസരം നൽകുന്നു | |
| 12 | ചിത്രകഥ | ചിത്രകഥാപുസ്തകം തയ്യാറാക്കൽ | |
| 13 | ഭാഷ | വായനാകുറിപ്പ്, പുസ്തക പരിചയം, പദപയറ്റ് | |
| 14 | വായന | ക്ലാസ് വായന ആനുകാലിക വായന ഉറക്കെ യുള്ള വായന പ്രോത്സാഹിപ്പിക്കൽ | |
| 15 | ക്വിസ് മത്സരം | സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ടുള്ള ക്വിസ് മത്സരം | |
| 16 | ഇംഗ്ലീഷ് | Let's talk, English Assembly, Skit, conversation, Story telling | |
| 17 | ഗണിത കേളികൾ | ഗണിതകേളികൾ, TLM നിർമ്മാണം, ഗണിത കിറ്റ് | |
| 18 | പരിസരപഠനം | ഭക്ഷ്യമേള, ലഘു പ്രൊജക്ടുകൾ | |

# സെപ്റ്റംബർ

| ക്രമ നമ്പർ | പ്രവർത്തനം | പ്രക്രിയ | റിമാർക്സ് |
|---|---|---|---|
| 1 | ദേശീയ പോഷകാഹാര വാരാചരണ ആരംഭം സെപ്റ്റംബർ 1 | പോഷകാഹാരങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കൽ, ഭക്ഷ്യമേള സംഘടിപ്പിക്കൽ | |
| 2 | ഓണാഘോഷം സെപ്റ്റംബർ 2 | പൂക്കളമത്സരം<br>തിരുവാതിരക്കളി<br>ഓണസദ്യ<br>കസേരയോട്ടം<br>ചാക്കിലോട്ടം<br>സ്പൂൺ റൈസ്<br>കുട്ടികളുടെ കലാപരിപാടികൾ | |
| 3 | അധ്യാപകദിനം സെപ്റ്റംബർ 5 | ഡോ. സർവേപിള്ളി രാധാകൃഷ്ണനെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. വിരമിച്ച അധ്യാപകരെ ആദരിക്കൽ | |
| 4 | ഹിന്ദി ദിനം സെപ്റ്റംബർ 14 | ഹിന്ദി അസംബ്ലി | |
| 5 | ഓസോൺദിനം സെപ്റ്റംബർ 16 | ഓസോൺ പാളികളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കൽ (അസംബ്ലിയിൽ) ICT അവതരണം | |
| 6 | അൽഷിമേഴ്സ് ദിനം സെപ്റ്റംബർ 21 | അൽഷിമേഴ്സ് ബോധവൽക്കരണ ക്ലാസ് | |
| 7 | ലൂയിപാസ്റ്റചർ ചരമ ദിനം സെപ്റ്റംബർ 28 | ലൂയി പാസ്റ്റചറിനെ പരിചയപ്പെടുത്തുന്നു. ശാസ്ത്രജ്ഞൻമാരുടെ ചിത്രങ്ങൾ ശേഖരിച്ച് പോസ്റ്റർ തയ്യാറാക്കൽ | |
| 8 | വായനകളരി | കുട്ടികളെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തികൊണ്ട് വായന കളരി<br>സാഹിത്യ പ്രതിഭകളെ പങ്കെടുപ്പിക്കുന്നു | |
| 9 | ആശയപടം | ആശയപടം രൂപീകരിക്കുന്നു | |
| 10 | കായികോത്സവം | അധ്യാപകരുടെ നേതൃത്വത്തിൽ കായികോത്സവം സംഘടിപ്പിക്കുന്നു | |
| 11 | ഭാഷ | രചനോത്സവം, പാട്ടരങ്ങ് വായനോത്സവം | |
| 12 | ഓണാഘോഷം | ഓണത്തിന്റെ വിവിധ ആഘോഷങ്ങൾ സംഘടിപ്പിക്കുന്നു. ഓണസദ്യ, ഓണപ്പൂക്കളം ഒരുക്കൽ | |
| 13 | ഇംഗ്ലീഷ് | Englidh Diary, Readoing competition | |
| 14 | ഗണിതം | ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം ഗണിതം ലളിതമാക്കാം. ഗണിത രൂപങ്ങളുടെ പ്രായോഗീക മൂല്യം തിരിച്ചറിയാം. | |
| 15 | പരിസരപഠനം | ശാസ്ത്രപഠനത്തിന്റെ താത്പര്യം ജനിപ്പിക്കാൻ- ശാസ്ത്ര യാത്രകൾ | |

# ഒക്ടോബർ

| ക്രമ നമ്പർ | പ്രവർത്തനം | പ്രക്രിയ | റിമാർക്സ് |
|---|---|---|---|
| 1 | ലോക വയോജനദിനം<br>ഒക്ടോബർ 1 | വയോജനങ്ങളെ ആദരിക്കൽ, അഭിമുഖ സംഭാഷണം, അനുഭവം പങ്കുവെയ്ക്കൽ | |
| 2 | ഗാന്ധിജയന്തി<br>ഒക്ടോബർ 2 | ഗാന്ധിജിയെ പരിചയപ്പെടുത്തൽ ഗാന്ധി ക്വിസ്<br>വീഡിയോ പ്രദർശനം<br>പോസ്റ്റർ തയ്യാറാക്കൽ | |
| 3 | പ്രവൃത്തി പരിചയം<br>ഒക്ടോബർ 9 | ഫാബ്രിക്ക് പെയ്ന്റിംഗ്<br>ചിത്രതുന്നൽ<br>വെജിറ്റബൾ പ്രിന്റിംഗ്<br>ചിരട്ട കൊണ്ടുള്ള ഉല്പന്നങ്ങൾ<br>ബുക്ക് ബൈൻഡിംഗ്<br>പാഴ് വസ്തുക്കൾ കൊണ്ടുള്ള ഉൽപ്പന്നങ്ങൾ<br>കയർ ഉൽപ്പന്നങ്ങൾ | |
| 4 | ലോക തപാൽ ദിനം<br>ഒക്ടോബർ 24 | തപാൽ ഓഫീസ് സന്ദർശിക്കൽ<br>കത്തെഴുതി പോസ്റ്റ് ചെയ്യൽ<br>സ്റ്റാമ്പ് ശേഖരണങ്ങൾ | |
| 5 | ഐക്യരാഷ്ട്ര ദിനം<br>ഒക്ടോബർ 24 | ഐക്യരാഷ്ട്രസഭ Video Presentation.<br>പോസ്റ്റർ നിർമ്മാണം | |
| 6 | രാഷ്ട്രീയ ഏകതാ ദിവസ്<br>ഒക്ടോബർ 31 | സർദാർ വല്ലഭായ് പട്ടേലിനെ പരിചയപ്പെടുത്തുന്നു | |
| 7 | പച്ചക്കറിത്തോട്ട നിർമ്മാണം | വീട്ടിലും വിദ്യാലയത്തിലും പൂന്തോട്ടം പച്ചക്കറിത്തോട്ടം എന്നിവയുടെ നിർമ്മാണം പരിപാലനം | |
| 8 | വായനാ ലോകം | ചിത്രവായന<br>കഥാപുസ്തകം<br>കുട്ടി കവിതകൾ | |
| 9 | ഇംഗ്ലീഷ് ഭാഷയിൽ കുട്ടുകൾക്ക് ആശയവിനിമയം സാധ്യമാക്കൽ | ഇംഗ്ലീഷ് Story, Rhyme, Description എന്നിവ പൊതുപരിപാടികളിൽ അവതരിപ്പിക്കൽ കളികളിലൂടെ ഇംഗ്ലീഷ് പഠനം ഇംഗ്ലീഷ് കടംകഥയ്ക്ക് ഉത്തരം കണ്ടെത്തൽ | |
| 10 | ചതുഷ്ക്രിയകൾ, മനകണക്കുകൾ എന്നിവയിൽ ശേഷി വളർത്തൽ | കുട്ടികളിലൂടെ ഗണിതാശയങ്ങൾ ഉറപ്പിക്കൽ ഗണിതലാബ് സജ്ജീകരിച്ച് കുട്ടികൾ സ്വയം കൈകാര്യം ചെയ്ത് പഠിക്കുക | |
| 11 | കലാവിദ്യാഭ്യാസം | പ്രാർത്ഥന, ദേശീയഗാനം തുടങ്ങിയവ ചൊല്ലൽ, വിശേഷ ദിവസങ്ങളിൽ പാട്ടുകൾ അവതരിപ്പിക്കൽ പാഠപുസ്തകത്തിലെ | |

| | | | |
|---|---|---|---|
| | | കവിതകൾ ഈണം നൽകി അവതരിപ്പിക്കൽ | |
| 12 | ചിത്രം ചിത്രം | പരിസ്ഥിതി ദിനം, ഓണം , ക്രിസ്മസ്, കർഷകദിനം തുടങ്ങി പ്രധാന ദിനങ്ങളിൽ ചിത്രം വരയ്ക്കാൻ എല്ലാവർക്കും അവസരം, പതിപ്പ് തയ്യാറാക്കൽ | |
| 13 | കായിക പരിശീലനം | ശാസ്ത്രീയ കായിക പരിശീലനം കുട്ടികൾക്ക് അധ്യാപകർ നൽകാൻ ശ്രമിക്കുന്നു. | |
| 14 | ഒക്ടോബർ 15 | ആഗോള കൈകഴുകൽ ദിനം കൈകഴുകൽ രീതി, ബോധവത്കരണം | |
| 15 | ഒക്ടോബർ 18 | ബാല മിത്ര പ്രതിജ്ഞ<br>കുഷ്ഠ രോഗം - വീഡിയോ പ്രദർശനം | |
| 16 | ഒക്ടോബർ 22 | കോർണർ പിടിഎ, മാതൃക അങ്കണവാടി, കുട്ടികളുടെ വിദ്യാഭ്യാസവും ആരോഗ്യപരിപാലനവും ബോധവത്ക്കരണ ക്ലാസ്, കളറിംഗ് മത്സരം, സമ്മാനവിതരണം | |
| 17 | ഫുഡ് ഫെസ്റ്റിവൽ | എല്ലാ ക്ലാസുകളിലേയും രക്ഷിതാക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് ഫുഡ് ഫെസ്റ്റിൽ സംഘടിപ്പിക്കുന്നു | |
| 18 | വായനോത്സവം | ക്ലാസ് 1, 2 | |
| 19 | ഇംഗ്ലീഷ് ഫെസ്റ്റ് | 1 മുതൽ 4 വരെ | |
| 20 | ഭാഷ | പാഠഭാഗവുമായി ബന്ധപ്പെട്ടുള്ള കലകൾ നേരിട്ടറിയൽ വിവരണം തയ്യാറാക്കൽ | |
| 21 | ICT | പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | |
| 22 | English | English Balasabha | |
| 23 | ഗണിതം | ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | |
| 24 | പരിസരപഠനം | ഭക്ഷ്യമേള, പാനീയമേള | |

# നവംബർ

| ക്രമ നമ്പർ | പ്രവർത്തനം | പ്രക്രിയ | റിമാർക്സ് |
|---|---|---|---|
| 1 | നവംബർ 1<br>കേരളപിറവി ദിനം | കലാപാരിപാടികൾ<br>കേരള ക്വിസ്<br>പോസ്റ്റർ നിർമ്മാണം<br>കൊളാഷ് നിർമ്മാണം | |
| 2 | നവംബർ 14<br>ശിശുദിനം | ജവഹർലാൽ നെഹ്റുവിനെ പരിചയപ്പെടുത്തൽ<br>കലാപരിപാടികൾ<br>പോസ്റ്റർ നിർമ്മാണം | |
| 3 | നവംബർ<br>കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | ശാസ്ത്ര വാർത്തകൾ, നിരീക്ഷണ- പരീക്ഷണ കുറിപ്പികൾ,<br>ശാസ്ത്രകാരന്മാരെക്കുറിച്ചുള്ള വിവരങ്ങൾ കണ്ടെത്തൽ<br>ശാസ്ത്രവുമായി ബന്ധപ്പെട്ട ക്വിസ് മത്സരം സംഘടിപ്പിക്കൽ | |
| 4 | നവംബർ 1 | മനുഷ്യചങ്ങല ലഹരി വിരുദ്ധ പ്രവർത്തന ങ്ങൾ, ഫ്ളാഷ്മോബ് (Scouts and Guide) | |
| 5 | നവംബർ 9 | കേരള പാഠ്യപദ്ധതി ജനകീയ ചർച്ച, പൊതുജ നങ്ങൾ, രക്ഷിതാക്കൾ | |
| 6 | നവംബർ 15 | കലോത്സവം 16 ഇനങ്ങളിൽ പങ്കെടുത്തു 40 പോയിന്റ് ലഭിച്ചു. | |
| 7 | നവംബർ 30 | Sports - 8 കുട്ടികൾ വിവിധ ഇനങ്ങളിലായി പങ്കെടുത്തു. | |
| 8 | വിജയസ്പർശം | എല്ലാകുട്ടികളെയും എഴുത്തിലും വായന യിലും പ്രാപ്തരാക്കുന്നു | |
| 9 | ഭാഷ | കേരളവുമായി ബന്ധപ്പെട്ട കവിതകൾ, ശിൽപ ശാല | |
| 10 | കേരളപ്പിറവി | കേരളപ്പിറവി ആഘോഷങ്ങൾ സംഘടിപ്പി ക്കുന്നു | |
| 11 | ശിശുദിനം | Kids Fest | |

# ഡിസംബർ

| ക്രമ നമ്പർ | പ്രവർത്തനം | പ്രക്രിയ | റിമാർക്സ് |
|---|---|---|---|
| 1 | ഡിസംബർ 1<br>എയ്ഡ്സ് ദിനം | ജനങ്ങളിൽ അവബോധം | |
| 2 | ഡിസംബർ 5<br>ലോക മണ്ണ് ദിനം | മണ്ണിന്റെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കുന്നു<br>മണ്ണെഴുത്ത് | |
| 3 | ഡിസംബർ 10<br>മനുഷ്യാവകാശദിനം | മനുഷ്യാവകാശദിനം എന്താണെന്ന് പറഞ്ഞു കൊടുക്കുന്നു | |
| 4 | ഡിസംബർ 25<br>ക്രിസ്മസ് | പുൽക്കൂട്<br>ക്രിസ്മസ് ട്രീ<br>ആശംസാകാർഡുകൾ തയ്യാറാക്കിക്കൽ<br>ക്രിസ്മസ് പരിപാടി | |
| 5 | ആഗോള മില്ലറ്റ് ഡേ തുടംക്കം കുറിച്ചു | മില്ലറ്റ് ഫുഡ് എക്സിബിഷൻ, ക്ലാസ് | |
| 6 | Disable day December 3 | Coloring, drawing മത്സരങ്ങൾ, Big Cancas, ഭിന്നശേഷി കുട്ടിയെ ആദരിക്കൽ | |
| 7 | വിജയസ്പർശം | എല്ലാകുട്ടികളെയും എഴുതുന്നതിനും, വായിക്കുന്നതിനും പ്രാപ്തരാക്കുന്നു | |
| 8 | വായനാക്കളരി | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

## ജനുവരി

| ക്രമ നമ്പർ | പ്രവർത്തനം | പ്രക്രിയ | റിമാർക്സ് |
|---|---|---|---|
| 1 | ദേശീയ യുവജന ദിനം | സ്വാമിവിവേകാന്ദനെ പരിചയപ്പെടുത്തുന്നു. വിവേകാന്ദന്റെ സൂക്തങ്ങൾ കണ്ടെത്തി എഴുതാൻ പറയുന്നു | |
| 2 | റിപ്പബ്ലിക് ദിനം | റിപ്പബ്ലിക് ദിനാഘോഷം<br>സന്ദേശം കൈമാറൽ<br>കുട്ടികളുടെ പരിപാടികൾ | |
| 3 | ഗൃഹസന്ദർശനം | അധ്യാപകർ കുട്ടികളുടെ വീടുകൾ സന്ദർശിക്കുന്നു. | |
| 4 | English Fest | Role Play, Rhyme, Skit | |
| 5 | Maths Fest | Maths Puzzle, Maths Soing, Maths TLM | |
| 6 | സ്കൗട്ട് സ്ഥാപകദിനം | കബ്ബ്, ബുൾബുൾ, ബണ്ണി പ്രോഗ്രാം | |
| 7 | കാവ്യോത്സവം | കവിതാലാപനം<br>കവിതകളെ പരിചയപ്പെടൽ | |
| 8 | ഇംഗ്ലീഷ് മാഗസിൻ | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് മാഗസിൻ തയ്യാറാക്കുന്നു. | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

# ഫെബ്രുവരി

| ക്രമ നമ്പർ | പ്രവർത്തനം | പ്രക്രിയ | റിമാർക്സ് |
|---|---|---|---|
| 1 | ഫെബ്രുവരി 4<br>കാൻസർ ദിനം | ആരോഗ്യ ബോധവത്ക്കരണ ക്ലാസ് - ഡോക്ടർ | |
| 2 | ഫെബ്രുവരി 21<br>ലോക മാതൃഭാഷാദിനം | മാതൃഭാഷാദിന കുറിപ്പ് തയ്യാറാക്കൽ<br>പ്രസംഗം<br>മലയാള ഭാഷാ ക്വിസ് | |
| 3 | ഫെബ്രുവരി<br>പഠനയാത്ര | കുട്ടികളുടെ മാനസികോല്ലാസം അറിവിനുമായി ഒരു യാത്ര | |
| 4 | ഫെബ്രുവരി 28<br>ശാസ്ത്രദിനം | ശാസ്ത്രദിന ക്വിസ്<br>ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | |
| 5 | കോർണർ പിടിഎ | കുട്ടികളുടെ വീടുകളിൽ ഒരുക്കുന്നു.<br>പഞ്ചായത്ത് അംഗങ്ങൾ പങ്കെടുക്കുന്നു<br>മികവ് അവതരിപ്പിക്കുന്നു | |
| 6 | സർഗ്ഗവേള | വാർഷികാഘോഷം | |
| 7 | കലക്കൂട്ട് | പ്രദേശവാസികളായ കലാകാരന്മാരുടെ<br><br>സേവനം | |
| | | | |
| | | | |
| | | | |
| | | | |
| | | | |

# മാർച്ച്

| ക്രമ നമ്പർ | പ്രവർത്തനം | പ്രക്രിയ | റിമാർക്സ് |
|---|---|---|---|
| 1 | മാർച്ച് 8<br>അന്താരാഷ്ട്ര വനിതാ ദിനം | വനിതാ തീം ഡാൻസ്<br>ക്വിസ് മത്സരം | |
| 2 | മാർച്ച് 16<br>ലോക വാക്സിനേഷൻ ദിനം | വാക്സിനേഷനുമായി ബന്ധപ്പെട്ട പ്ലകാർഡ് നിർമ്മാണം | |
| 3 | മാർച്ച് 22<br>ലോക ജലദിനം | പോസ്റ്റർ, പ്ലകാർഡ് തയ്യാറാക്കൽ<br>ജലം അമൂല്യമാണ് പാഴാക്കരുത് എന്ന സന്ദേശം കുട്ടികളിലേക്ക്. | |
| 4 | Annual Day | ഡാൻസ്, പാട്ട്, എന്നീ കലാപരിപാടികൾ | |
| 5 | ഭാഷാഉത്സവം | | |
| 6 | Inclusive Education | TLM | |
| 7 | ലഹരിക്കെതിരെ പോരാടാം | രക്ഷിതാക്കൾക്ക് ബോധവത്ക്കരണ ക്ലാസ് | |
| 8 | പഠനോത്സവം | 1 മുതൽ 4 വരെ ( 2025—-2026) | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

# മാർച്ച്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | റിമാർക്സ് |
|---|---|---|---|
| 2022 ജൂലൈ 1 മുതൽ 31 വരെ | • അറബിഭാഷ പഠനത്തിൽ താൽപര്യം ഉണ്ടാക്കൽ<br>• അറബി ഭാഷാ അസംബ്ലി നടത്തൽ<br>• ബാലസഭ സംഘടിപ്പിക്കൽ | അറബി പദ്യങ്ങൾ, ഗാനങ്ങൾ എന്നിവയുടെ ഓഡിയോ കേൾപ്പിക്കൽ, വീഡിയോ പ്രദർശനം അറബിഭാഷയിലെ ചിത്രകഥകൾ, കാർട്ടൂൺ, ചെറിയ കഥകൾ എന്നിവയുടെ വീഡിയോ പ്രദർശനം ആസ്വദിക്കാനും അഭിപ്രായം പ്രകടിപ്പിക്കാനുമുള്ള അവസരം | |
| 2022 ആഗസ്റ്റ് 1 മുതൽ 30 വരെ | • അറബിയിൽ സംസാരിക്കുന്നതിനുള്ള ശേഷി ഉണ്ടാക്കാനുള്ള സൗകര്യം ഒരുക്കൽ | • ഓരോകുട്ടിയും സ്വന്തം ബയോഡാറ്റ അറബിയിൽ തയ്യാറാക്കി അവതരിപ്പിക്കൽ<br>• അധ്യാപകനും, കുട്ടുകളും തമ്മിൽ, കുട്ടികൾ പരസ്പരം സംഭാഷണം നടത്തൽ<br>• ഫോൺ സംഭാഷണത്തിന് കൂടുതൽ പ്രധാനം<br>• ഭാഷ പറയാൻ അവസരം ലഭിക്കുന്ന കളികൾ<br>• അധ്യാപകദിന ആശംസാ വാചകം / എഴുത്ത്<br>• അറബി ചിത്രീകരണം<br>• സ്വാതന്ത്ര്യദിന പരിപാടികൾ | |
| 2022 ഒക്ടോബർ 1 മുതൽ 23 വരെ | • നാലാം ക്ലാസിലെ എല്ലാകുട്ടികളും വായനാ ശേഷി നേടിയുട്ടുണ്ടെന്ന് ഉറപ്പാക്കൽ<br>• ലോക അറബി ഭാഷാ ദിനാചരണം സംഘടിപ്പിക്കൽ<br>• ഭാഷാദിന ക്വിസ് നടത്തൽ | • വായനാ കാർഡുകൾ. ചിത്രകഥകൾ, ചെറിയ കഥകൾ, പദ്യങ്ങൾ മുതലായവ വായനക്ക് വേണ്ടി നൽകുന്നു.<br>• ഡിജിറ്റൽ റീഡിംഗ് കാർഡുകൾ<br>• സഹായ വായന<br>• ഉപകരണങ്ങൾ ഉപയോഗിച്ച് വായനാ സൗകര്യം ഒരുക്കൽ<br>• ക്ലാസ് തലത്തിൽ പതിപ്പ് തയ്യാറ്ക്കുക<br>• വീട്ടുവായന<br>• രക്ഷിതാക്കളുടെ വായന | |

| | | | |
|---|---|---|---|
| | | • രക്ഷിതാക്കളുടെ സഹായത്തോടെ വായനാ കാർഡുകൾ വായിക്കുക | |
| 2023 ജനുവരി 1 മുതൽ ഫെബ്രുവരി 28 വരെ | • എഴുത്തു രൂപത്തിൽ ആശയങ്ങൾ കൈമാറാൻ കുട്ടികൾക്ക് സാധ്യമായി എന്നു ഉറപ്പാക്കൽ<br>• കൈയ്യെഴുത്ത് മെച്ചപ്പടുത്തൽ | • പുതുവത്സര ആശംസകാർഡ് തയ്യാറക്കൽ<br>• കൈയ്യെഴുത്ത് മത്സരം<br>• ഡയറി എഴുത്ത്<br>• ചിത്രം നിരീക്ഷിച്ചു വിവരണം തയ്യാറാക്കൽ | |
| 2023 മാർച്ച് 1 മുതൽ 15വരെ | • കുട്ടികൾ നേടിയ കഴിവുകൾ പ്രദർശിപ്പിക്കൽ | • മികവ് പ്രദർശനം<br>• പഠനോത്സവം | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | റിമാർക്സ് |
|---|---|---|
| വായനപരിപോഷിപ്പിക്കൽ | • ചിത്രവായന<br>• പദകാർഡുകൾ<br>• വായനാകാർഡുകൾ | |
| ആശയ ഗ്രഹണവായന ഉറപ്പാക്കുക | • വായനതലത്തിൽ എത്തിച്ച് വ്യത്യസ്ഥ വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു | |
| തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക | • കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു. | |
| ചിത്രത്തെ ആസ്പദമാക്കി സംഭാഷണം ലഘുവിവരണം എന്നിവ തയ്യാറാക്കുന്നു | • ലഘുവിവരണങ്ങൾ<br>• സംഭാഷണങ്ങൾ എന്നിവ തെറ്റില്ലാതെ എഴുതാനും അവസരം ഒരുക്കുന്നു. | |
| ശാരീരിക ചാലകവികാസം | • ലഘുവ്യായമങ്ങൾ<br>• എയറോബിക്സ്<br>• ഡാൻസ് | |
| ബ്ലൻഡഡ് ലേണിംഗ് | • ഓൺലൈൻ - ഓഫ്‌ലൈനായിട്ടുള്ള പഠന പ്രവർത്തനങ്ങൾ | |
| | | |
| | | |
| | | |
| | | |
| | | |